# കേരളസർവകലാശാല

നം.പി.ആർ.261/2020

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം 2020**
**ആലപ്പുഴ മേഖല എസ്.സി./എസ്.ടി. സ്പോട്ട് അലോട്ട്മെന്റ്**
**ജനുവരി 1 ന് ആലപ്പുഴ സെന്റ്.ജോസഫ്സ് വനിതാ കോളേജിൽ**

2020–21 ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ സെന്റ്.ജോസഫ്സ് വനിതാ കോളേജിൽ ജനുവരി 1 ന് ഹാജരാകേണ്ടതാണ്.

ആലപ്പുഴ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം ആലപ്പുഴ സെന്റ്.ജോസഫ്സ് വനിതാ കോളേജിൽ രാവിലെ 10 മണിക്ക് തന്നെ നേരിട്ട് എത്തണം. ഡിസംബർ 29 നകം പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരു കാരണവശാലും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ടു ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (http://admissions.keralauniversity.ac.in)

**(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)**

## ഒന്നാം വർഷ ബിരുദ പ്രവേശനം 2020
## കൊല്ലം, അടൂർ മേഖല എസ്.സി./എസ്.ടി. സ്പോട്ട് അലോട്ട്മെന്റ്
## ജനുവരി 1 ന് കൊല്ലം എസ്.എൻ. കോളേജിൽ

2020–21 ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം, അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ. കോളേജിൽ ജനുവരി 1 ന് ഹാജരാകേണ്ടതാണ്.

കൊല്ലം മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം കൊല്ലം എസ്.എൻ. കോളേജിൽ രാവിലെ 10 മണിക്ക് തന്നെ നേരിട്ട് എത്തണം. ഡിസംബർ 29 നകം പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരു കാരണവശാലും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ടു ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (http://admissions.keralauniversity.ac.in)

**(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)**

## ടൈംടേബിൾ

2021 ജനുവരിയിൽ ആരംഭിക്കുന്ന ബി.ആർക്ക്. (2008 സ്കീം) കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ, മൂന്ന്, നാല്, അഞ്ച്, ആറ്, എട്ട്, ഒൻപത് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

2020 ആഗസ്റ്റ് 4 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായി ഒന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷകൾ 2021 ജനുവരി 11 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി. ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് കോഴ്സ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല മനഃശാസ്ത്രവിഭാഗത്തോടനുബന്ധിച്ചു പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ ഫെബ്രുവരിയിൽ ആരംഭിക്കുന്ന പി.ജി. ഡിപ്ലോമ ഇൻ സൈക്കോളജിക്കൽ കൗൺസിലിംഗ് കോഴ്സിലേക്ക് (പി.ജി.ഡി.സി.പി.) അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ ദൈർഘ്യമുള്ള ഈ കോഴ്സിലേക്ക് കേരളസർവകലാശാല അംഗീകരിച്ചിട്ടുള്ള സൈക്കോളജി ബിരുദമാണ് യോഗ്യത. ബിരുദതലത്തിൽ 100 മാർക്കിൽ കുറയാതെയുള്ള ഒരു പേപ്പർ (ജനറൽ സൈക്കോളജി/സോഷ്യൽ സൈക്കോളജി/അബ്നോർമൽ സൈക്കോളജി/ഡെവലപ്പ്മെന്റൽ സൈക്കോളജി/ഓർഗനൈസേഷൻ ബിഹേവിയർ) പഠിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം ക്യാമ്പസിലുള്ള മനഃശാസ്ത്ര വിഭാഗത്തിലാണ് ക്ലാസുകൾ നടത്തുന്നത്. 2021 ജനുവരി 20 വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാഫോറവും വിശദവിവരങ്ങളും കേരളസർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 9447221421 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവകുപ്പുകളിൽ 2020–21 വർഷം പുതുതായി ആരംഭിക്കുന്ന എം.എ. പൊളിറ്റിക്സ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി കോഴ്സിന് എസ്.സി., എസ്.ടി., സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി 2021 ജനുവരി 4 ന് രാവിലെ 10 ണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനവകുപ്പുകളിൽ 2020–21 വർഷം പുതുതായി ആരംഭിക്കുന്ന എം.എസ്.സി. കെമിസ്ട്രി – സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി കോഴ്സിന് എസ്.സി., എസ്.ടി. സീറ്റും ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി 2021 ജനുവരി 1 ന് രാവിലെ 10 മണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**31.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in